(ബി) ഇതിനായി പ്രത്യേക പാക്കേജ് സ്കീം ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തുണ്ടായ പേമാരിമൂലം വ്യാപകമായി നാശം സംഭവിച്ച റോഡുകളുടെ കണക്കുകൾ എടുത്തിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്)റോഡുകളുടെ അറ്റകുറ്റപ്പണി യഥാസമയം നടത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ജി) പേമാരിമൂലം താറുമാറായ റോഡുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; നഗര പ്രദേശങ്ങളിലെ റോഡുകൾക്ക് ഇക്കാര്യത്തിൽ മുൻഗണന നൽകുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ)-(സി) അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയ്ക്കുള്ള പണികൾ റിന്യൂവൽ പ്രോഗ്രാം, ഓർഡിനറി റിപ്പയേഴ്സ്, ഫ്ളഡ് ഡാമേജസ്, ട്രാഫിക്സേഫ്റ്റി എന്നീ ഹെഡുകളിൽ ചാർജ്ജ് ചെയ്തു മുൻഗണനാക്രമത്തിൽ അത്യാവശ്യം വേണ്ടി വരുന്ന പണികൾ ഏറ്റെടുത്തു വരുന്നു.

(ഡി)&(ഇ) പേമാരിമൂലം നാശം സംഭവിച്ച റോഡുകളുടെ വിവരം തിട്ടപ്പെടുത്തി വരുന്നു.

(എഫ്)ദേശീയ പാതാ വിഭാഗത്തിൽ അറ്റകുറ്റപണികൾ ആവശ്യമായ റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് സമർപ്പിക്കുകയും അംഗീകാരവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് അറ്റകുറ്റപണികൾ ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ സർഫസ് റിന്യൂവൽ, ഓർഡിനറി മെയിന്റനൻസ് പാച്ച് വർക്ക് എന്നീ പേരുകളിൽ ചാർജ്ജ് ചെയ്തു പണികൾ നടത്തി വരുന്നു.

(ജി) നടപടി സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ നഗര റോഡുകൾക്ക് മുൻഗണന നൽകാറുണ്ട്.

സഹകരണ അക്കാദമിയുടെ രൂപീകരണം

23 (*202)ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സഹകരണ മേഖലയിൽ ആരംഭിക്കാനുള്ള സർക്കാർ നീക്കത്തിന്റെ ഭാഗമായി ഒരു സഹകരണ അക്കാദമി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അക്കാദമിയുടെ ഘടന എന്താണെന്നും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള പണം അക്കാദമി എങ്ങനെ സമാഹരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത അക്കാദമി രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന് സംഭാവന നൽകുന്നതിന് സഹകരണ രജിസ്ട്രാർ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരമുള്ള നിർദ്ദേശം സഹകരണ രജിസ്ട്രാർ നൽകിയിട്ടുണ്ടെന്നും അത് നിയമവിരുദ്ധമാണെന്നും പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നും നബാർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് അറിയിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) എഞ്ചിനീയറിംഗും, മെഡിസിനും ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നതിനുവേണ്ടി സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണബാങ്കുകളുടേയും പങ്കാളിത്തത്തോടെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫണൽ എഡ്യൂക്കേഷൻ (കേരള) എന്ന സ്ഥാപനം 7.4.1999ൽ രജിസ്റ്റർ ചെയ്തു.

(ബി) സംസ്ഥാന മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള സൊസൈറ്റിക്ക് സഹകരണ വകുപ്പുമന്ത്രി ചെയർമാനായുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റിയുടെ കീഴിൽ രൂപവൽക്കരിക്കുന്ന ഓരോ സ്ഥാപനത്തിനും/സ്ഥാപനങ്ങൾക്കും ഓരോ മാനേജിംഗ് കമ്മിറ്റി ഉണ്ടായിരിക്കും. ഈ മാനേജിംഗ് കമ്മിറ്റി അക്കാദമിയുടെ ബോർഡ് ഓഫ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിനും നയരൂപീകരണത്തിനും വിധേയമായിട്ടായിരിക്കും പ്രവർത്തിക്കുക. ആരംഭത്തിൽ അക്കാദമിയുടെ കീഴിലുള്ള സ്ഥാപനങ്ങൾ സംസ്ഥാന സഹകരണബാങ്ക് ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ അവയുടെ പൊതുനന്മാ ഫണ്ടിൽനിന്നും നൽകുന്ന സഹായങ്ങൾ വഴിയും മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകളെ മുൻനിർത്തി നാഷണൽ സേവിംഗ്സ് സ്കീമിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും ഉൾപ്പെടെയുള്ള നിക്ഷേപങ്ങൾ വഴി ലഭിക്കുന്ന ഗ്രാന്റും ഫീസിനത്തിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന തുകയുമാണ് അക്കാദമി പ്രതീക്ഷിക്കുന്നത്. വിദൂരഭാവിയിൽ ഇവയ്ക്ക് "ഡീംഡ് യൂണിവേഴ്സിറ്റി"യുടെ പദവി ലഭ്യമാക്കുവാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണബാങ്കുകളുടെയും അറ്റാദായത്തിൽ നിന്ന് സഹകരണ നിയമമനുസരിച്ചും സംഘങ്ങളുടെ ബൈലാ അനുസരിച്ചും സ്വരൂപിച്ചിട്ടുള്ള പൊതുനന്മാ ഫണ്ടിൽ നിന്നും സഹകരണ അക്കാദമിക്ക് ധനസഹായം നൽകുവാനും പോരാതെ വന്നാൽ വരുന്ന വർഷങ്ങളിലെ അറ്റാദായത്തിൽ നിന്നും തുക തിരികെ പൊതുനന്മ ഫണ്ടിലേക്ക് ക്രമീകരിച്ച് വസൂലാക്കാമെന്ന വ്യവസ്ഥയിൽ പൊതു ഫണ്ടിൽ നിന്നും വിനിയോഗിക്കാനും അതാതു ബാങ്കുകളെ അനുവദിച്ചു കൊണ്ട് ഒരു സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബാങ്കിന്റെ സമിതിയാണ് അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത്.

(ഡി) നബാർഡിൽനിന്നും ഇതുസംബന്ധിച്ച ഒരു കത്ത് ലഭിച്ചിട്ടുണ്ട്.

(ഇ) സർക്കുലർ നിർദ്ദേശം നിയമവിധേയമായാണ് നൽകിയിട്ടുള്ളത്. സഹകരണ നിയമം 56 അനുസരിച്ച് സംഘങ്ങളുടെ അറ്റാദായത്തിൽ നിന്ന് ഒരു നിശ്ചിതതുക റിസർവ് ഫണ്ടിലേക്കും സഹകരണ വിദ്യാഭ്യാസ ഫണ്ടിലേക്കും സെൻട്രൽ സംഘങ്ങളുടെ കാര്യത്തിൽ മെമ്പർമാർക്ക് ഡിവി

LIBRARY ARCHIVES Kerala Legislative Assembly

ഡന്റിനും നീക്കിവച്ച് ബാക്കി തുക സഹകരണചട്ടം 56(2)(സി) അനുസരിച്ച്, ബൈലോ അനുസരിച്ച് രൂപീകരിച്ച ഫണ്ടുകളിലേക്ക് നീക്കി വയ്ക്കാവുന്നതാണ്. അതനുസരിച്ച് രൂപീകരിച്ച് പൊതുനന്മ ഫണ്ടിൽ നിന്നും തുക നൽകാനാണ് അനുമതി നൽകിയത്. ഇതിൽ അന്തിമ തീരുമാനം എടുക്കേണ്ടത് അതാതു സംഘങ്ങളുടെ ഭരണ സമിതിയാണ്. പൊതുനന്മ ഫണ്ട് അറ്റാദായത്തിൽ നിന്ന് രൂപീകരിച്ചതുകൊണ്ടും പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ടിലേക്ക് ചാർജ്ജ് ചെയ്യാത്തതുകൊണ്ടും സംഘങ്ങളുടെ പ്രവർത്തനത്തെ ബാധിക്കില്ല. ഈ സാഹചര്യത്തിൽ സർക്കുലർ നിർദ്ദേശം നിയമത്തിന് വിധേയമാണെന്ന് നബാർഡിനെ അറിയിക്കുകയും നിർദ്ദേശം പിൻവലിക്കുവാൻ നബാർഡിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ സ്റ്റോറുകളിൽ കെട്ടിക്കിടക്കുന്ന സാധനങ്ങൾ

24 (*203)ശ്രീമതി ശോഭനാ ജോർജ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ സ്റ്റോറുകളിൽ കോടിക്കണക്കിന് രൂപയുടെ ഉപയോഗശൂന്യമായ സാധനസാമഗ്രികൾ കെട്ടിക്കിടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും ഏജൻസി ഗവൺമെന്റിനു റിപ്പോർട്ട് നൽകുകയുണ്ടായോ; എങ്കിൽ എത്ര തുകയ്ക്കുള്ള സാമഗ്രികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനു പുറമേ വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസുകളിൽ ഉപയോഗയോഗ്യമായതും അല്ലാത്തതുമായ കോടിക്കണക്കിനു രൂപയുടെ വൈദ്യുതി കണക്ഷനുള്ള ഉപകരണങ്ങൾ വർഷങ്ങളായി സൂക്ഷിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉപയോഗയോഗ്യമല്ലാത്ത സാധനങ്ങൾ വാങ്ങിക്കൂട്ടുന്നതുകൊണ്ട് ബോർഡിന് നഷ്ടം ഉണ്ടാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഇ) പർച്ചേസിലേക്കും വിതരണത്തിലേയ്ക്കും കാര്യക്ഷമത വർദ്ധിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ; എന്ന് അറിയിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ):

(എ)&(ബി) ഇതു സംബന്ധിച്ച് ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. അത് പവർ സെക്രട്ടറി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സെക്ഷനാഫീസുകളിലെ ഉപയോഗശൂന്യമായ സാധനസാമഗ്രികൾ സർവ്വേ റിപ്പോർട്ട് ചെയ്ത് ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഉപയോഗയോഗ്യമായ സാധനങ്ങൾ വൈദ്യുതി കണക്ഷൻ നൽകുന്നതിനും മറ്റു അറ്റകുറ്റപണികൾ ചെയ്യുന്നതിലേക്കുമായാണ് സൂക്ഷിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly